**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ട്രാൻസ്ജെന്റർ ക്ഷേമം - ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് തുടർചികിത്സക്ക് ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.652/2018/സാനീവ തീയതി, തിരുവനന്തപുരം,14.11.2018**

---

പരാമര്ശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 06.09.2018 ലെ സി2-11788/2018-ാം നമ്പർ കത്ത്.

(2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സമൂഹത്തിൽ ഏറ്റവുമധികം അവഗണന അനുഭവിക്കുന്ന വിഭാഗമാണ് ട്രാൻസ്ജെന്റേഴ്സ് ഈ വിഭാഗത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ടി പോളിസിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച് നടപ്പാക്കുകയും ട്രാൻസ്ജെന്റർ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിപുലമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും വ്യക്തിഗത ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ലിംഗഭേദവുമായി ബന്ധപ്പെട്ട് ട്രാൻസ്ജെന്റർ സമൂഹം നേരിടേണ്ടി വരുന്ന വൈകാരിക പ്രതിസന്ധികൾക്ക് പരിഹാരമെന്ന നിലയിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് സന്നദ്ധരായി നിരവധി ട്രാൻസ്ജെൻഡർ വ്യക്തികൾ മുന്നോട്ട് വരുന്നുണ്ട്. ഇത്തരത്തിൽ മുന്നോട്ട് വരുന്ന വ്യക്തികൾക്ക് വിവേചനരഹിതമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന്, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന വ്യക്തികൾക്ക് തുടർചികിത്സയും ഒരു നിശ്ചിത കാലയളവിലെ വിശ്രമവും ആവശ്യമായി വരും. ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരായവരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 50 വ്യക്തികൾക്ക് പ്രതിമാസം 3000/- രൂപ ക്രമത്തിൽ 12 മാസത്തേക്ക് (ഒരു വർഷക്കാലം) നടപ്പ സാമ്പത്തിക വർഷം ആകെ 18,00,000/- രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം) ചെലവ്

സാമ്പത്തിക വർഷം ആകെ 18,00,000/- രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം) ആ വരുമെന്നും ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കാവുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) ലെ കുറിപ്പ് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരായവരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുമായ 50 ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 3000/- രൂപ ക്രമത്തിൽ 12 മാസത്തേക്ക് (ഒരു വർഷക്കാലം) ആകെ 18,00,000/- രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കുന്നതിനുള്ള അനുമതി നല്കി ഇതിനാല് ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷിക്കുന്ന വ്യക്തികൾക്ക് ട്രാൻസ്ജെന്റർ ഐ. ഡി കാർഡ്, മേൽവിലാസം തെളിയിക്കുന്ന ഔദ്യോഗിക രേഖ ഉണ്ടായിരിക്കണം.
2. ലിംഗമാറ്റശസ്ത്രക്രിയ നടത്തിയ റിപ്പോർട്ടും, ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ സാക്ഷ്യപത്രവും.
3. പ്രായപരിധി - 18 നും 40 നും മദ്ധ്യേ.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ബിജു പ്രഭാകർ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ